# മഹാത്മാഗാന്ധി സർവ്വകലാശാല

നം. എഡി.എ1-1-21/2017 തീയതി, 18.09.2018

## പരിപത്രം

വിഷയം:- എല്ലാ ജീവനക്കാരും അദ്ധ്യാപകരും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുവാനുള്ള വൈസ് ചാൻസിലറുടെ അഭ്യർത്ഥന - സർക്കാരിന്റെയും സർവ്വകലാശാലയുടെയും നയങ്ങൾക്ക് വിരുദ്ധമായി സംഭാവന നൽകരുതെന്നുള്ള ചില ജീവനക്കാരുടെ പ്രചാരണം - അച്ചടക്കനടപടി സംബന്ധിച്ച്.

സൂചന:- (1) സ.ഉ. (അച്ചടി) നം. 144/2018/ധന. തീയതി 11.09.2018. (പുറത്തെഴുത്ത് നം. 6717/എ3/2/2018/ഭ.വി. തീയതി 14.09.2018)

(2) 15.09.2018-ലെ വൈസ് ചാൻസിലറുടെ VC/Apl/3/2018 നമ്പർ കുറിപ്പ് പ്രകാരമുള്ള അഭ്യർത്ഥന.

(3) സർവ്വകലാശാല പരിപത്രം എഡി.എ1-1-21/2017 തീയതി 15.09.2018

(4) 18.09.2018-ലെ രജിസ്ട്രാറുടെ കുറിപ്പ് നമ്പർ രജി/2/200/2018

------

മഹാപ്രളയവും പേമാരിയും മൂലം തകർന്നടിഞ്ഞ കേരളത്തെ പുനർനിർമ്മിക്കുവാൻ ലോകമെമ്പാടുമുള്ള മലയാളികൾ മുഖ്യമന്ത്രിയുടെ ആഹ്വാനമനുസരിച്ച് പൂർണ്ണ മനസ്സോടെ സംഭാവനകൾ എത്തിച്ചുവരികയാണ്. എല്ലാ ജീവനക്കാരും അദ്ധ്യാപകരും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകണമെന്ന അഭ്യർത്ഥന സ്വീകരിച്ച് സഹകരിക്കണമെന്ന് സൂചന (2) പ്രകാരം വൈസ് ചാൻസിലർ അഭ്യർത്ഥിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ സൂചന (3) പ്രകാരമുള്ള പരിപത്രം സർവ്വകലാശാല പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

സർക്കാരിന്റെയും സർവ്വകലാശാലയുടെയും നയങ്ങൾക്ക് വിരുദ്ധമായി ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകരുത് എന്ന് ചില ജീവനക്കാർ പ്രചാരണം നടത്തുന്നതായും വിസമ്മതപത്രം ജീവനക്കാർക്കിടയിൽ നിർബന്ധമായി വിതരണം ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർക്കാർ-സർവ്വകലാശാല ചട്ടങ്ങളുടെ ലംഘനവും സമൂഹത്തിൽ സർവ്വകലാശാലയുടെ അന്തസ്സിനെ ഹനിക്കുന്നതുമാണ്. ആയതിനാൽ, ഇത്തരം പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ കേരള ഗവൺമെന്റ് സർവന്റ്സ് കോണ്ടക്ട് റൂൾസ് 1960, ചട്ടം 60(A), 77(b) (1) എന്നിവ പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

**ഒപ്പ്**
**രജിസ്ട്രാർ**

പകർപ്പ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ